## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1484** **06.03.2020 ൽ** മറുപടിക്ക്

## ഫയർസ്റ്റേഷന് പുതിയ ആസ്ഥാനം പണിയാൻ ഭൂമി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.ദാസൻ** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിൽ താൽക്കാലിക കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന ഫയർസ്റ്റേഷന് പുതിയ ആസ്ഥാനം പണിയാൻ നഗരസഭാ ഭൂമി വിട്ടുനൽകുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ടി.പി.6593/08 നമ്പർ 17.07.2019 തീയതിയിൽ നഗരസഭയിൽ നിന്ന് അയച്ച ഫയൽ നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | ലഭിച്ചിട്ടുണ്ട്. |
| (ബി) | ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഫയലിന്റെ മേൽ എന്തെല്ലാം തുടർ നടപടികളാണ് നഗരകാര്യ ഡയറക്ട്റേറ്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | നഗരസഭാ വക സ്ഥലം കൈമാറുന്നതിന് സർക്കാർ അനുമതിക്കായി ലഭ്യമാക്കിയ അപേക്ഷയിന്മേൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കൊയിലാണ്ടി നഗരസഭയ്ക്ക് 24/02/2020 - ലെ ജി3-15891/2019 നം. പ്രകാരം നഗരകാര്യ ഡയറക്ടർ കത്ത് നൽകിയിട്ടുള്ളതാണ്. |
| (സി) | നടപടികൾ സ്വീകരിക്കാൻ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | സ്ഥലം കൈമാറുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും കൊയിലാണ്ടി നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**